# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 659** **10.07.2014-ലെ മറുപടിക്ക്**

## തൊഴിൽ മേഖലയിലെ മിന്നൽ സമരങ്ങളും അട്ടിമറികൂലിയും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ മേഖലയിലെ മിന്നൽ സമരങ്ങളും അട്ടിമറിക്കൂലിയും മറ്റ് ചൂഷണങ്ങളും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) തൊഴിൽ മേഖലയിലെ മിന്നൽ സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് തടയുന്നതിന് സമരത്തിൽ ഏർപ്പെടുന്ന തൊഴിലാളികളുമായി കൺസിലിയേഷൻ നടത്തുകയും അമിതകൂലി വാങ്ങിയ കേസുകളിൽ അത് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. സമരം തുടരുന്ന പൂൾ ലീഡർക്കെതിരെ സസ്പെൻഷൻ, കാർഡ് റദ്ദാക്കൽ ഉൾപ്പെടെയുള്ള അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. കൂലി സംബന്ധിച്ചോ, ചൂഷണം സംബന്ധിച്ചോ പരാതി ലഭിച്ചാൽ ബോർഡിന്റെ കീഴിലുള്ള തൊഴിലാളികൾക്കെതിരെ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡും അല്ലാത്ത തൊഴിലാളികൾക്കെതിരെ അതാത് പ്രദേശത്തെ ലേബർ ഓഫീസർമാരും നടപടി സ്വീകരിച്ചു വരുന്നു. |

......2)

| | |
|---|---|
| (ബി) സംസ്ഥാനത്തെ തൊഴിൽ രംഗം വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമാക്കുന്നതിനും തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അസ്വസ്ഥതകൾ പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) സംസ്ഥാനത്തെ തൊഴിൽ രംഗം വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമാക്കുന്നതിനും തൊഴിൽ രംഗത്തെ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ക്വാഡ് പരിശോധനകൾ നടത്തി ലംഘനങ്ങൾ കണ്ടെത്തിയാൽ നിയമനടപടി സ്വീകരിക്കുന്നുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ യഥാസമയം വ്യവസായ ബന്ധവിഭാഗം (ഐ.ആർ) ഇടപെട്ട് അനുരഞ്ജന നടപടികൾ സ്വീകരിക്കുകയും അനുരഞ്ജനം സാദ്ധ്യമാകാതെ വരുന്ന സന്ദർഭത്തിൽ നിയമാനുസൃതം അഡ്ജ്യൂഡിക്കേഷന് വിടുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**